## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1012 01.03.2017-ൽ മറുപടി**

### ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ വാട്ടർ കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി യു. പ്രതിഭ ഹരി :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ 2009 -2010, 2011 -2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വാട്ടർ കണക്ഷൻ ലഭിക്കുന്ന തിനുവേണ്ടി ഡെപ്പോസിറ്റ് വർക്കിൽ ഉൾപ്പെടുത്തി 17,05,250 രൂപ ദേവി കുളങ്ങര ഗ്രാമപഞ്ചായത്ത് വി.ഇ.ഒ. മുഖാന്തിരം ഗുണ ഭോക്തൃ ലിസ്റ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടും പ്രസ്തുത പ്രവൃത്തികൾ പൂർത്തീ കരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ കാരണം വിശദമാക്കിക്കൊണ്ട് ദേവികുളങ്ങര പഞ്ചായത്ത് സെക്രട്ടറിക്ക് ആലപ്പുഴ ഡിവിഷൻ ഓഫീസിൽ നിന്നും 08.11.2016-ൽ കത്തയച്ചിരുന്നു. പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ടി പ്രവൃത്തികൾ മൂന്നു കരാറുകാർ ഏറ്റെടുത്തിട്ടുള്ളതുമായിരുന്നു. ഇതിൽ 2010-11-ലെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ എ.ഇയുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്ന് കൊടുത്ത ലിസ്റ്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വളരെ കൂടുതൽ പൈപ്പ് വേണ്ടി വരുമെന്ന് കണ്ടെത്തിയിരുന്നു. ആയതിനാൽ ഗുണഭോക്താക്കളിൽ നിന്ന് ഒരു നിശ്ചിത തുക കിട്ടിയാൽ മാത്രമേ പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് പഞ്ചായത്തിനെ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സെക്രട്ടറിയുടേയും പ്രസിഡന്റിന്റേയും സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരുടെ കമ്മിറ്റി കൂടി ഓരോ ഗുണഭോക്താക്കളിൽ നിന്നും ഒരു നിശ്ചിത തുക ഈടാക്കുന്നതിന് തീരുമാനിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രദേശവാസികളുടെ എതിർപ്പിനെതുടർന്ന് പ്രവൃത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാതെ വരുകയും അങ്ങനെ കരാറുകാരൻ ടി പ്രവൃത്തി നിർത്തി വയ്ക്കുകയും ചെയ്തിരുന്നു. 2011-12 ലെയും 2012-13 ലെയും പ്രവൃത്തികൾ കരാറുകാരായ ശ്രീ.അപ്പുക്കുട്ടനും ശ്രീ.സന്തോഷ് വർഗ്ഗീസും പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് കമ്മിറ്റിയുടെ 16.11.2013-ലെ പതിനാറാം നമ്പർ തീരുമാന പ്രകാരം മുൻ പൂർത്തീകരിക്കാത്തിതിനാൽ ടി പ്രവൃത്തികൾ നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചതിനെതുടർന്ന് അടിസ്ഥാന ത്തിൽ ടി പ്രവൃത്തികളും നിർത്തി വച്ചിരുന്നു. എന്നാൽ ഇപ്പോൾ ടി പ്രവൃത്തികൾ പഴയ നിരക്കിൽ ചെയ്യുന്നതിന് കരാറുകാർ തയ്യാറല്ലെന്നുള്ള വിവരം അറിയിച്ചിട്ടുണ്ട്. ടി മൂന്നു പ്രവൃത്തികളുടെ തുകയിൽ പണി തീർന്നിടത്തോളം പ്രവൃത്തിയുടെ ബിൽ തുക കഴിച്ചുള്ള തുക പഞ്ചായത്ത് |

ആവശ്യപ്പെടുന്ന പ്രകാരം തിരികെ നൽകാവുന്നതാണ് എന്ന വിവരം അറിയിച്ചിരുന്നു. എന്നാൽ യാതൊരു മറുപടിയും നാളിതുവരെ പഞ്ചായത്ത് നൽകിയിട്ടില്ല.

| | |
|---|---|
| ബി പദ്ധതി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | ബി മേൽ സൂചിപ്പിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ PWD Scheduled revision വന്നതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ തുടർന്ന് ഏറ്റെടുത്ത് നടത്തുവാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ആവശ്യമായ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ടി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ